# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3874**
**31.01.2014 ലെ മറുപടിക്ക്**

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എം.എൽ.എ.ഫണ്ട് വിനിയോഗം

**ചോദ്യം** | **ഉത്തരം**

**ശ്രീ.മോൻസ് ജോസഫ്, എം.എൽ.എ**

**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം.എൽ.എ.ഫണ്ട് എയ്ഡഡ്/ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ സൃഷ്ടിയാണ് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൻ കീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ എയ്ഡഡ് മേഖലയിൽപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും, സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, ടോയ്‌ലറ്റ്, പാചകപ്പുര എന്നിവ നിർമ്മിക്കുന്നതിനും എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എം.എൽ.എ.ഫണ്ട് സംസ്ഥാനത്തെ ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണം പരിഹരിക്കുന്നതിന് ശ്രമിക്കുമോ? വിശദമാക്കാമോ? | സർക്കാർ ഉടമസ്ഥതയിലുള്ള ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് അനുമതിയുണ്ട്. |

**സെക്ഷൻ ഓഫീസർ**